# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2434** **18.06.2014** - ൽ മറുപടിക്ക്

## കടൽ ജലവും കായൽ ജലവും ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ. ബേബി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കടൽ ജലമോ കായൽ ജലമോ ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന ഏതെങ്കിലും പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) കാസർഗോഡ് ജില്ലയിൽ കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന 5 ഫിൽട്ടർ പോയിന്റുകളും പ്ലാന്റും സ്ഥാപിക്കാൻ അനുമതിയായിട്ടുണ്ട്. ഈ പണികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ എറണാകുളത്തെ കുമ്പളങ്ങിയിൽ ഒരു എം.എൽ.ഡി. ഡീസാലിനേഷൻ പ്ലാന്റും ഒരു മെഗാവാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടിയുള്ള റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവം മൂലം ശുദ്ധ ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പ്രത്യേകിച്ചും തീരപ്രദേശങ്ങളിലും, കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽ കിണറുകൾ സ്ഥാപിച്ച് ലവണജലം ശുദ്ധീകരിച്ച് റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ ; | (ബി) ഉണ്ട്.<br>എറണാകുളം ജില്ലയിലെ കുമ്പളങ്ങിയിൽ കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ള |

| | | | |
|---|---|---|---|
| | | | മാക്കുന്നതിനുള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട്, ഐ.ഐ.റ്റി.- ചെന്നൈ-യുടെ സഹായത്തോടുകൂടി തയ്യാറാക്കിയിട്ടുണ്ട്. ഇത് ഒരു എം.എൽ.ഡി. ജലവും ഒരു മെഗാവാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്. പ്രസ്തുത റിപ്പോർട്ട് വിശദമായ പരിശോധനയിലാണ്. |
| (സി) | കടലിലേക്ക് ഒഴുകിപ്പോകുന്ന ജലം ശുദ്ധീകരിച്ച് കുടിവെള്ള മാക്കി നൽകുന്നതിന് ഏതെങ്കിലും സ്ഥാപനങ്ങൾ തയ്യാറായി വന്നിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | അത്തരം സംരംഭങ്ങളെ സർക്കാർ എങ്ങനെയാണ് സമീപിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | അത്തരം നിർദ്ദേശം ലഭിക്കുകയാണെങ്കിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ